"ഭരണഭാഷ-മാതൃഭാഷ"

# ജനറൽ ആശുപത്രി, അടൂർ

പിൻ: 691523, ഫോൺ : 04734-223236

ഇ-മെയിൽ:gshadoor@gmail.com

നമ്പർ: എ2- 2224/2022 തീയതി. 01.07.2022

## ദർഘാസ് /ലേല പരസ്യം

പത്തനംതിട്ട ജില്ലയിലെ അടൂർ ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതിപ്രകാരമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പഴക്കമുള്ളതും നിലവിൽ ഉപയോഗ ശൂന്യവുമായ കെ.എച്ച്.ആർ. ഡബ്ല്യു.എസ്ന്റെ ബഹുനിലക്കെട്ടിടം (കെട്ടിട നമ്പർ 1538) പൊളിച്ചു നീക്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി)1314/2022/എച്ച്.&എഫ്.ഡബ്ല്യു.ഡി തീയതി 07.06.2022 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടം പൊളിച്ചുമാറ്റുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. നിരതദ്രവ്യം അടച്ച് യഥാസമയം മുദ്രവച്ച ടെണ്ടർ രേഖകൾ സമർപ്പിച്ചിട്ടുള്ളവർക്ക് പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം/ടെണ്ടർ എന്നിവയിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിയ്ക്ക് ആശുപത്രി സൂപ്രണ്ടിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേർവാഡ് കെട്ടിടം (കെട്ടിട നമ്പർ 1538) പൊളിച്ചുമാറ്റുന്നതിന് അനുവാദം നൽകി ഉത്തരവ് നൽകുന്നതാണ്. അപൂർണ്ണമായ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

| | | |
|---|---|---|
| ടെണ്ടർ ഫോറത്തിന്റെ വില | - | 750/-രൂപ + 18 % ജി.എസ്.ടി |
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തീയതി | - | 27.07.2022, 5.00 പി.എം |
| ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി | - | 29.07.2022, 3.00 പി.എം |
| ടെണ്ടർ തുറക്കുന്ന തീയതി | - | 30.7.2022, 11.00 എ.എം |
| ഏറ്റവും കുറഞ്ഞ ലേല/ടെണ്ടർ തുക | - | 3,72,539/- |
| നിരത ദ്രവ്യം | - | 10,000/- |

സൂപ്രണ്ട്

GENERAL HOSPITAL, ADOOR. PIN-691523 ജനറൽ ആശുപത്രി, അടൂർ. പിൻ-691523

കെ.ആർ.

## വ്യവസ്ഥകൾ

1. ടെണ്ടർ എസ്റ്റിമേറ്റ് തുകയായി രൂപ 3,72,539/- നിജപ്പെടുത്തിയിരിക്കുന്നു.
2. ടെണ്ടർ ഫോമുകൾ ആശുപത്രി ആഫീസിൽ നിന്നും 01.07.2022 മുതൽ 27.07.2022 വരെ നേരിട്ട് പ്രവർത്തി സമയത്ത് വാങ്ങാവുന്നതാണ്.
3. 30.07.2022 രാവിലെ 11.00 മണിയ്ക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ മുദ്ര പതിപ്പിച്ച ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്.
4. ടെണ്ടറിനൊപ്പം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അടൂർ ബ്രാഞ്ചിൽ മാറാവുന്ന രൂപ 10,000/-ന്റെ ഡി.ഡി സൂപ്രണ്ട് ജനറൽ ആശുപത്രി അടൂരിന്റെ പേരിൽ നിരതദ്രവ്യ മായി ഉൾപ്പെടുത്തിയിരിക്കണം.
5. ടെണ്ടറുകൾ പൂർണ്ണമായും വ്യക്തമായും പൂരിപ്പിക്കേണ്ടതാണ്. ടെണ്ടർ അപേക്ഷ യുടെ പുറത്ത് ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
6. ടെണ്ടറിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് ആഫീസ് സമയത്ത് നേരിട്ട് അറിയാവുന്നതാണ്.
7. ടെണ്ടർ നടപടികൾ മാറ്റി വയ്ക്കുന്നതിനോ പുനർ ലേലം ചെയ്യുന്നതിനോ തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
8. വ്യക്തതയില്ലാത്തതും പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്താത്തതും കൃത്യമായ തുകയ്ക്കുള്ള ഡി.ഡിഇല്ലാതെയും സമർപ്പിക്കുന്ന ടെണ്ടറുകൾ അസാധുവാക്കു ന്നതാണ്.
9. ആഫീസ് പ്രവർത്തി സമയത്ത് പ്രസ്തുത കെട്ടിടം കണ്ട് ബോധ്യപ്പെടുന്നതിന് അവസരം നൽകുന്നതാണ്.
10. പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേട്പാട്, ആശുപത്രി സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശം എന്നിവ ഉണ്ടായാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.
11. തറനിരപ്പിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ ടെണ്ടർ/ലേല അംഗീകാരം ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ആശുപത്രി കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയർ ആക്കി തരേണ്ടതാണ്.
12. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിന് ശേഷം മാത്രമേ കെട്ടിടം പൊളി ച്ചുമാറ്റുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ പാടുള്ളൂ. നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചുമാറ്റുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് കരാർ വ്യവസ്ഥ യുടെ ലംഘനമായി സുരക്ഷിത നിക്ഷേപവും നിരതദ്രവ്യവും സർക്കാരിലേക്ക് കണ്ടു കെട്ടുന്നതാണ്.
13. തറനിരപ്പിൽ നിന്ന് പൊളിച്ചുമാറ്റുമ്പോൾ മണൽ തുടങ്ങിയ മൈനർ മിനറൽസ് ഏതെ ങ്കിലുമുണ്ടെങ്കിൽ അവയിൽ സർക്കാർ രേഖപ്പെടുത്തിയ റോയൽറ്റിയും മറ്റ് ഫീസു കളും നിയമാനുസൃതമായി പത്തനംതിട്ട മൈനിംഗ് ആന്റ് ജിയോളജി ഓഫീസിൽ

ഒടുക്കിയതിനു ശേഷം മാത്രമേ ഇവിടെ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. റോയൽറ്റി അടച്ച രേഖകൾ ആരോഗ്യ വകുപ്പിനെ ബോധ്യപ്പെടുത്തി നിയമാനുസൃത പാസ്സുകൾ സമ്പാദിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

14. ലേലം ഉറപ്പിച്ച് ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി മേൽകെട്ടിടങ്ങൽ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ30 പ്രവൃത്തി ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്നും ടി പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ ചെയ്തുകൊള്ളാമെന്നും കാണിച്ചുകൊണ്ട് സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

വിശ്വസ്തതയോടെ

സൂപ്രണ്ട്

നോട്ടീസ് പതിക്കുന്ന സ്ഥലങ്ങൾ:

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. നോട്ടീസ് ബോർഡ്, അടൂർ ജനറൽ ആശുപത്രി
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) പത്തനംതിട്ട
4. ജില്ലാ പ്രോഗ്രാം മാനേജർ, പത്തനംതിട്ട
5. ജില്ലാ ~~ഇൻഷ്വറൻസ്~~ ഓഫീസർ പത്തനംതിട്ട
6. മുനിസിപ്പാലിറ്റി, അടൂർ
7. താലൂക്ക് ഓഫീസ് അടൂർ
8. വില്ലേജ് ഓഫീസ് അടൂർ
9. കെ.എച്ച്.ആർ.ഡബ്ല്യു.എസ് കൊല്ലം
10. പി & എ.ആർ.ഡി പത്തനംതിട്ട

കെ.ആർ.